പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4126

20.03.2018-ൽ
മറുപടിക്ക്

ലൈബ്രറി സെസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്ഥാപനങ്ങൾ കെട്ടിടനികുതിക്കൊപ്പം ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് വകമാറ്റി ചെലവഴിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുക്കുന്ന തുക കൃത്യമായി ലൈബ്രറി കൗൺസിലിന് നൽകുന്നതിൽ നഗരസഭകൾ കുടിശ്ശിക വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ത്രിതല തദ്ദേശസ്ഥാപനങ്ങൾ സംസ്ഥാന ലൈബ്രറി കൗൺസിലിന് ലൈബ്രറി സെസ് ഇനത്തിൽ നിലവിൽ നൽകാനുള്ള കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ നൽകുമോ ; | ബി) ഗ്രാമപഞ്ചായത്തുകൾ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്തതിൽ 8,70,18,111/- (എട്ട് കോടി എഴുപത് ലക്ഷത്തി പതിനെട്ടായിരത്തി ഒരുന്നൂറ്റി പതിനൊന്ന് രൂപ) രൂപയും, കോർപ്പറേഷൻ, നഗരസഭകൾ 37,60,28,768/- (മുപ്പത്തിയേഴ് കോടി അറുപത് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എഴുന്നൂറ്റി അറുപത്തിയെട്ട് രൂപ) രൂപയും ലൈബ്രറി കൗൺസിലിന് കൈമാറാനുണ്ട്. |
| സി) ലൈബ്രറി സെസ് തുക തദ്ദേശസ്ഥാപനങ്ങൾ സമയബന്ധിതമായി ലൈബ്രറി കൗൺസിലിന് നൽകുന്നു എന്ന് ഉറപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | സി) ലൈബ്രറി സെസ്സ് കൃത്യമായി ലൈബ്രറി കൗൺസിലിന് നൽകുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ